DESPATCHED
On...16/5/22...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 207(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 3618/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 11

ശ്രീ. വി. കുമാരൻ
S/o വി.കണ്ണൻ,
തീയ്യർപാലം വീട്,
ഏച്ചിക്കാനം പി.ഒ.,
കാസർഗോഡ് – 671 531.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.
2) അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി (അഡ്വൈസ് ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/01/2022, 06/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09/01/2022, 12/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 23/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 10/05/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വി.കുമാരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരത്തിന് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് നൽകിയ മറുപടിയും വസ്തുനിഷ്ഠവും

നിയമപരവുമല്ലെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട തസ്തികയിലേക്കുള്ള അപേക്ഷ ക്ഷണിച്ചിരുന്നത് ജില്ലാ അടിസ്ഥാനത്തിലാണോ, സ്റ്റേറ്റ് അടിസ്ഥാനത്തിലാണോ എന്നയറിയാത്തതിനാലാണ് മേൽപ്പടി ഓഫീസുകളിൽ അപേക്ഷ നൽകിയതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം അനുവദിച്ച് നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ 27.12.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, ലാസ്റ്റ് ഗ്രേഡ് (ലാബ് അസിസ്റ്റന്റ്) തസ്തികയിലേക്ക് കേരള പി.എസ്.സി. 29.10.2011–ൽ നടത്തിയ എഴുത്തു പരീക്ഷയിൽ പങ്കെടുത്ത ഹാൾ ടിക്കറ്റ് നം. B/05910(Sl.No.B-05910) ടി നമ്പർ പ്രകാരമുള്ള ഉദ്യോഗാർത്ഥി പി.എസ്.സി. പരീക്ഷ എഴുതിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഉദ്യോഗാർത്ഥിയാണ്, ഉദ്യോഗാർത്ഥിയുടെ ശരിയായ മേൽവിലാസം (രക്ഷകർത്താവിന്റെ പേര് ഉൾപ്പെടെ), ഉദ്യോഗാർത്ഥി പരീക്ഷ എഴുതിയ ജില്ല, പരീക്ഷാ സെന്റർ എന്നീ വിവരങ്ങൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 06.01.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്. ടിയാൻ ആവശ്യപ്പെട്ട വിവരം പൊതുതാത്പര്യമില്ലാത്ത മൂന്നാം കക്ഷി വിവരം ആയതിനാൽ വിവരാവകാശ നിയമം 8(1)(ഇ),(ജെ) വകുപ്പുകൾ പ്രകാരം നൽകാൻ നിർവ്വാഹമില്ല എന്നും മൂന്നാം കക്ഷിയുമായി ബന്ധമില്ലാത്ത വ്യക്തവും കൃത്യവുമായ (കാറ്റഗറി നമ്പർ, തസ്തിക, വകുപ്പ്) എന്നിവ രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നപക്ഷം ലഭ്യമായ വിവരങ്ങൾ നൽകുന്നതാണെന്നും ജില്ലാതല നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ പി.എസ്.സി. ഓഫീസിൽ നിന്നും വിവരം ശേഖരിക്കേണ്ടതാണെന്നുമാണ്. 01.01.2022 തീയതി ജില്ലാ ആഫീസിലെ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സൂക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഒരു പൊതു താത്പര്യ വിഷയമല്ലാത്തതിനാൽ മൂന്നാം കക്ഷിയ്ക്ക് കൈമാറാൻ കഴിയില്ല എന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 09.01.2022, 12.01.2022 എന്നീ തീയതികളിൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷകൾക്ക് 24.01.2022 തീയതി നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, 29.12.2021–ന് സമർപ്പിച്ചിരുന്ന പ്രാഥമിക വിവരാന്വേഷണ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. തിരുവനന്തപുരം 01.01.2022–നും ആസ്ഥാന ഓഫീസിൽ നിന്ന് 6.01.2022–നും നൽകിയ മറുപടികൾ വസ്തുനിഷ്ഠവും നിയമപരവുമായി കാണുന്നു എന്നും ടിയാന്റെ പ്രാഥമിക അപേക്ഷയിലെ

ചോദ്യങ്ങൾ പൊതുതാത്പര്യമില്ലാത്ത മുന്നാം കക്ഷി വിവരങ്ങളാണെന്നും ആയത് വിവരാവകാശ നിയമം 8(1) (ഡി), (ജെ) വകുപ്പുകൾ പ്രകാരം കൈമാറാൻ നിർവ്വാഹമില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 22.03.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വി.കുമാരൻ, കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് (കാറ്റഗറി നം. 097/2010) തസ്തികയുമായി ബന്ധപ്പെട്ട് മുന്നാം കക്ഷി വിവരം നൽകണമെന്നാവശ്യപ്പെട്ടാണ് അപ്പീൽ സമർപ്പിച്ചിരുന്നതെന്നും ഹർജിക്കാരൻ 29.12.2021 തീയതിയിൽ ആസ്ഥാന ഓഫീസ് എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച പ്രാഥമിക അപേക്ഷയിൽ 29.10.2011-ൽ പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് (ലാബ് അസിസ്റ്റന്റ്) തസ്തികയിലേക്ക് ഒരു എഴുത്തുപരീക്ഷ നടത്തിയിട്ടുണ്ടെന്നും പ്രസ്തുത എഴുത്തുപരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് നം.ബി/05910 പ്രകാരമുള്ള ഉദ്യോഗാർത്ഥി പരീക്ഷ എഴുതിയിട്ടുണ്ടോ എന്നും, ടിയാന്റെ പേര്, മേൽവിലാസം, രക്ഷകർത്താവിന്റെ പേര്, പരീക്ഷ എഴുതിയ ജില്ല, സെന്റർ എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നാണെന്നും ടി അപേക്ഷയ്ക്ക് പൊതുതാത്പര്യമില്ലാത്ത മുന്നാം കക്ഷി വിവരം വിവരാവകാശ നിയമം 8(1)(ഇ)(ജെ) വകുപ്പുകൾ പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നും മുന്നാം കക്ഷിയുമായി ബന്ധമില്ലാത്ത, വ്യക്തവും കൃത്യവുമായ (കാറ്റഗറി നമ്പർ, തസ്തിക, വകുപ്പ്) എന്നിവ രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നപക്ഷം ലഭ്യമായ വിവരങ്ങൾ നൽകുന്നതാണെന്നും ജില്ലാതല നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ പി.എസ്.സി. ഓഫീസിൽ നിന്നും വിവരം ശേഖരിക്കേണ്ടതാണെന്നും ആസ്ഥാന ഓഫീസിലെ എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നു എന്നും മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് അപ്പീൽ സമർപ്പിച്ചതെന്നും പ്രസ്തുത അപ്പീലിന് നൽകിയ മറുപടികൾ വസ്തുനിഷ്ഠവും നിയമപരവുമായി കാണുന്നു എന്നും ടിയാന്റെ പ്രാഥമിക അപേക്ഷയിലെ ചോദ്യങ്ങൾ പൊതുതാത്പര്യമില്ലാത്ത മുന്നാം കക്ഷി വിവരങ്ങളാണെന്നും ആയത് വിവരാവകാശ നിയമം 8(1) (ഡി), (ജെ) വകുപ്പുകൾ പ്രകാരം കൈമാറാൻ നിർവ്വാഹമില്ല എന്ന് മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരൻ സമർപ്പിച്ച പ്രാഥമിക അപ്പീൽ അപേക്ഷകൾക്ക് നൽകിയതിൽ കൂടുതലായി ഒരു മറുപടിയും ടിയാന് നൽകാവുന്നതല്ലെന്നും പി.എസ്.സി.യുടെ നടപടിക്രമമനുസരിച്ച് നിയമന ശുപാർശ ലഭ്യമാക്കിയതിനുശേഷമേ ഉദ്യോഗാർത്ഥികളുടെ മേൽവിലാസം അടക്കമുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുകയുള്ളു എന്നും ആയത് വെബ് സൈറ്റിൽ ലഭ്യമാകുമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത് പബ്ലിക് സർവ്വീസ് കമ്മീഷൻ കേരള

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് 29.10.2021-ന് നടത്തിയ പരീക്ഷയിൽ ബി/05910 എന്ന ഹാൾ ടിക്കറ്റ് നമ്പറിൽ പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥിയെ സംബന്ധിച്ച വിവരമാണെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ സൂക്ഷിക്കേണ്ട പൊതുരേഖയാണെന്നിരിക്കെ, അത് മൂന്നാംകക്ഷി വിവരമാണെന്നും, പൊതുജനതാത്പര്യമില്ലാത്തതാണെന്നു വ്യാഖ്യാനിച്ച് വിവരാവകാശ നിയമം 8(1)(ഇ), (ജെ) എന്നീ വകുപ്പുകൾ പ്രകാരം നിഷേധിച്ചത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ലെന്നും വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്താവുന്ന വിവരങ്ങൾ പോലും നൽകാതെ വിവരാവകാശ നിയമത്തിലെ 8-ാം വകുപ്പിലെ ഉപവകുപ്പുകൾ തെറ്റായി വ്യാഖ്യാനിച്ച് വിവരം നിഷേധിക്കുന്ന പതിവ് രീതി നീതിനിഷേധമാണെന്നതിനാൽ അത്തരം പ്രവണത കഴിവതും ഒഴിവാക്കണമെന്നും എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് പൊതുവായ മറുപടി നൽകാതെ ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് അപേക്ഷയിലെ മെരിറ്റിന്റെ അടിസ്ഥാനത്തിൽ തന്നെ മറുപടി നൽകാൻ എതിർകക്ഷികൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഹർജിക്കാരന് വിവരം ലഭ്യമാക്കാൻ ആവശ്യമായ ഹാൾ ടിക്കറ്റ് നമ്പർ തുടങ്ങിയ വിവരം ആവശ്യമായിരുന്നുവെങ്കിൽ ടി വിവരം കൂടി ലഭ്യമാക്കാൻ ഹർജിക്കാരനോട് ആവശ്യപ്പെടുകയായിരുന്നു എതിർകക്ഷികൾ ചെയ്യേണ്ടിയിരുന്നത്. അത്തരത്തിലുള്ള യാതൊരു അനുകൂല നടപടിയും സ്വീകരിക്കാതെ വിവരം നിഷേധിച്ചത് ക്രമപ്രകാരമല്ലെന്നതിനാൽ, മറുപടി നൽകുന്നതിനായി ഹർജിക്കാരനിൽ നിന്നും വല്ല അധികവിവരവും ആവശ്യമാണെങ്കിൽ ആയതിനായി ഹർജിക്കാരനുമായി നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ വിവരം ലഭ്യമാക്കി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം (വ്യക്തിഗത വിവരം മാത്രം മറച്ചു വച്ചുകൊണ്ട്) ഒന്നാം എതിർകക്ഷി 25.5.2022-നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്നും അപ്രകാരം സ്വീകരിക്കുന്ന നടപടി വിവരം കമ്മീഷനിൽ കൂടി അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി